# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3306 | 08-11-2019 ൽ മറുപടിയ്ക്ക്

## നെല്ല് ഉത്പാദനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ബാബു | ശ്രീ. വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി) |
| സംസ്ഥാനത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ എത്ര ഏക്കർ സ്ഥലത്താണ് അധികമായി നെല്ല് ഉത്പാദനം നടത്താൻ കഴിഞ്ഞതെന്നും ശരാശരി എത്ര ടൺ നെല്ലാണ് ഉത്പാദിപ്പിച്ചതെന്നും വിശദമാക്കുമോ? | സംസ്ഥാനാവിഷ്കൃത പദ്ധതികൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വികേന്ദ്രീകൃതാസൂത്രണം വഴി നടപ്പിലാക്കുന്ന പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവ മുഖേന നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2015-16 സാമ്പത്തിക വർഷം ഉണ്ടായിരുന്ന 1,96,870 ഹെക്ടർ നെൽകൃഷിയിൽ നിന്നും 2017-18 ൽ 2,20,449 ഹെക്ടറായി നെൽകൃഷി വർദ്ധിപ്പിക്കാൻ സാധിച്ചു. 2018 ആഗസ്റ്റിലെ മഹാപ്രളയത്തിൽ 35,000 ഹെക്ടർ നെൽകൃഷി പൂർണ്ണമായും നഷ്ടപ്പെട്ടിട്ടും 2018-19 സാമ്പത്തിക വർഷം 2,02,985 ഹെക്ടർ നെൽകൃഷി നിലനിറുത്താൻ സാധിച്ചിട്ടുണ്ട്.<br>2016-17 ൽ 6,82,004.69 മെട്രിക് ടൺ നെല്ലായിരുന്നു ഉല്പാദിപ്പിച്ചത്. 2017-18 ൽ 8,14,546.88 മെട്രിക് ടൺ ആയി വർദ്ധിപ്പിക്കാൻ സാധിച്ചു. 2018-19-ൽ പ്രകൃതിക്ഷോഭം മൂലം വിസ്തൃതിയിൽ ഗണ്യമായ കുറവുണ്ടായിട്ടും 8,64,143.98 മെട്രിക് ടൺ നെല്ല് ഉല്പാദിപ്പിക്കാൻ സാധിച്ചു. 2016-ലെ ഉല്പാദനത്തെക്കാൾ 26.7% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. നെൽകൃഷിയിലേക്ക് മുഴുവൻ തരിശു നിലങ്ങളെയും മടക്കി കൊണ്ട് വരുന്നതിനു വേണ്ടി തരിശുനില കൃഷിക്ക് കർഷകനും ഭൂവുടമകൾക്കും സഹായധനമായി ഹെക്ടറൊന്നിനു ഒന്നാം വർഷത്തെ കൃഷിക്ക് 30,000/- രൂപയും രണ്ടാം വർഷം 7,000/- രൂപയും മൂന്നാം വർഷം 4,500/- രൂപയും നൽകുന്നു. 2016-17 സാമ്പത്തിക വർഷം മുതലുള്ള മൂന്ന് വർഷങ്ങളിലായി 11,936.0781 ഹെക്ടർ തരിശുനില കൃഷിയിലേക്ക് കൊണ്ടു വന്നു (2016-17 ൽ 2782.3857 ഹെക്ടറും, 2017-18 ൽ 5485.686 ഹെക്ടറും, 2018-19-ൽ 3668.0064 ഹെക്ടറും). നടപ്പുവർഷവും 3000 ഹെക്ടർ സ്ഥലത്ത് തരിശുനില കൃഷി നടപ്പാക്കും. |

സെക്ഷൻ ഓഫീസർ